# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2208
# 05.02.2018 ലെ മറുപടിക്ക്

## ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ അംഗീകാരം ലഭിച്ചിട്ടുള്ള നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | 25.07.2017-ലെ സ.ഉ.(പി) നം.95/2017/ധന. ഉത്തരവ് പ്രകാരം Kerala Electrical & Allied Engineering Limited (KEL) , Steel Industries Kerala Limited (SILK) എന്നീ ഏജൻസികൾക്ക് മാത്രമാണ് 'Electro Mechanical' മേഖലയിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവാദം നൽകിയിരിക്കുന്നത്. ആയതിനാൽ ഈ ഏജൻസികൾക്കാണ് ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും സിൽക്ക് പോലുള്ള നിർവ്വഹണ ഏജൻസികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | സ.ഉ.(അ) നം. 86/2017/ധന തീയതി 04.07.2017 പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ചായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ ഭരണാനുമതി ലഭിച്ചിട്ടും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചു. വിവിധ ഏജൻസികൾ പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിക്കാതെ വ്യത്യസ്ത നിരക്കുകളിലാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിച്ചിരുന്നത്. പ്രസ്തുത നിരക്കുകളിലെ അന്തരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതിന് ഒരു ഏകീകൃത സ്വഭാവം വരുത്തുന്നതിനായി ധനകാര്യ പരിശോധനാ (സാങ്കേതിക) വിഭാഗവുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതിനാണ് ശ്രമിച്ചത്. വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്പെസിഫിക്കേഷനുകളും നിരക്കുകളും ഇതിനോടകം പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്പെസിഫിക്കേഷനുകളും നിരക്കുകളും പാലിച്ച് അക്രഡിറ്റഡ് ഏജൻസികൾക്ക് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം പ്രൈസ് സോഫ്റ്റ് വെയറിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കണം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. |
| (സി) | ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതു പോലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഫയലിൽ ക്ലാരിഫിക്കേഷൻ നൽകുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ